**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5156** **04-07-2024 - ൽ മറുപടിയ്ക്ക്**

**മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകൾ കുമാരപുരം വില്ലേജിൽ നിന്നും മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകൾ ഇടുക്കി ജില്ലയിലെ കുമാരപുരം വില്ലേജിന്റെ അധികാരപരിധിയിൽ വരുന്നതുമൂലം അവിടുത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇടുക്കി ജില്ലയിലെ കുമാരപുരം വില്ലേജിൽ നിന്നും സ്വന്തം ജില്ലയായ എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ വില്ലേജിലേക്ക് മേൽപറഞ്ഞ പ്രദേശങ്ങളെ മാറ്റുന്നതിനുള്ള നടപടികൾ ഉണ്ടാകുമോ; വിശദീകരിക്കുമോ; | (ബി) | എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7,8 വാർഡുകളിൽപ്പെടുന്ന സ്ഥലങ്ങൾ മഞ്ഞള്ളൂർ വില്ലേജിനോട് കൂടുതൽ സാമീപ്യമുള്ളതിനാലും മഞ്ഞള്ളൂർ പഞ്ചായത്തിൽ ഉൾപ്പെടുന്നതിനാലും ടി പ്രദേശത്തെ എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ വില്ലേജിനോടും, ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കോടികുളം, കുമാരമംഗലം വില്ലേജുകളിൽപ്പെട്ട 27 കുടുംബങ്ങളെ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെടുത്തുന്ന കാര്യത്തിലും സർവെ നടപടികൾ പൂർത്തിയാക്കി ജില്ലാ കളക്ടർമാർ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | ഈ വിഷയത്തിൽ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | ബി പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ